കേരള സർക്കാർ

# ആയവന ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി8)1655/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 26.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി8)1655/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 26.09.2017

## എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.01.2017 മുതൽ 25.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.07.2017 മുതൽ 03.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ |
| | നവാസ് സി. എം, ഓഡിറ്റർ |
| | പ്രവീൺ വി.എൻ , ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | സാബു വള്ളോംകുന്നേൽ | 01.04.2016 | 31.03.2017 |
| സെക്രട്ടറി | രാജൻ പി.പി | 01.04.2016 | 31.05.2016 |
| | മിനി എസ് | 01.06.2016 | 27.08.2016 |
| | ആമിന എം.എച്ച് | 28.08.2016 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ബേബി ജോർജ്ജ് | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ബാലകൃഷ്ണൻ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. മാത്യൂ നമ്പേലിൽ | 01.04.2016 | 14.11.2016 |
| | ഡോ. അജ്ജു ജോസ് | 15.11.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. റോബിൻ കെ. ജോസ് | 01.04.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുജിത്ത്.പി.രാഘവൻ | 01.04.2016 | 31.03.2017 |
| വെറ്റിനറി സർജൻ | ഡോ. ജയൻ കെ.സി | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഹരീഷ് കുമാർ പി.എച്ച് | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | രമ്യ രതീഷ് | 01.04.2016 | 17.08.2016 |
| | രാജി കെ.ജി | 18.08.2016 | 31.03.2017 |
| ഹെഡ്മിസ്ട്രസ്സ്, എൽ.പി.എസ്, കാലാമ്പൂർ | ഏലിയാമ്മ | 01.04.2016 | 31.05.2016 |
| | ഷാന്റി ഡേവിഡ് | 01.06.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |

| | | |
|---|---|---|
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | കെട്ടിടം വിഭജിച്ചും യഥാർത്ഥ വിസ്തീർണ്ണം കണക്കിലെടുക്കാതെയും വസ്തുനികുതി നിർണ്ണയിക്കുന്നു | 2-1 |
| 12 | വസ്തുനികുതി - ഉപയോഗക്രമനുസരിച്ച് നിരക്ക് നിശ്ചയിച്ചില്ല | 2-2 |
| 13 | തൊഴിൽ നികുതി – അപാകതകൾ | 2-3 |
| 14 | BSNL സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| 15 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 16 | ഇ-ടെണ്ടർ - ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-6 |
| 17 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 2-7 |
| 18 | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം | 2-8 |
| | ഭാഗം 3 | |
| 19 | ആദായ നികുതി സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല | 3-1 |
| 20 | പരസ്യങ്ങൾ വിൻഡോ പരസ്യമായി നൽകിയില്ല | 3-2 |
| 21 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് – അപാകത | 3-3 |
| 22 | വെള്ളക്കരം അമിത കുടിശ്ശക | 3-4 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| 33 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.2 |
| 34 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| 35 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.03.2016ലെ തീരുമാനം 1 പ്രകാരം യോഗം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 4,64,27,650 | 3,20,64,479 |
| വാർഷിക കണക്ക് പ്രകാരം<br>(വരവു ചെലവു പത്രിക പ്രകാരം) | 3,65,36,227 | 3,54,08,511 |

ഇ.എഫ്.എം.എസ്. മുഖേന MGNREGS, ബി-ഫണ്ട് എന്നീയിനങ്ങളിൽ നടന്നിട്ടുള്ള 1,28,57,330/- രൂപയുടേയും 2,04,61,500/- രൂപയുടേയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെട്ടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്ക് നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ സാരമായ വ്യത്യാസം കാണാം.

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2016-17 വർഷത്തെ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രികയിൽ ചില ന്യൂനതകളുണ്ട്. വിശദാംശം ഖണ്ഡിക 2-8 ൽ ചേർക്കുന്നു. (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 61,43,694 |
| വരവ് | 3,65,36,227 |
| ആകെ | 4,26,79,921 |
| ചെലവ് | 3,54,08,511 |
| നീക്കിയിരിപ്പ് | 72,71,410 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 89,79,773 | 84,43,345 | 94.02% |
| വികസനഫണ്ട് എസ്.സി.പി. | 22,46,736 | 21,75,185 | 96.81% |
| വികസനഫണ്ട് ടി.എസ്.പി. | 1,62,480 | 1,17,126 | 72.08% |
| സംരക്ഷണഗ്രാന്റ് റോഡ് | 50,35,728 | 22,13,755 | 43% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 25,54,755 | 23,45,732 | 91.81% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 50,35,513 | 41,99,723 | 83.40% |
| പെർഫോമൻസ് ഗ്രാന്റ് | 26,37,241 | 15,04,555 | 57.05% |

സംരക്ഷണ ഗ്രാന്റ് (റോഡിതരം), 13- ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഫണ്ടുകളുടെ വിനിയോഗം വളരെ കുറവായിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാത്തതുമൂലമാണ് ഇപ്രകാരം ചെലവ് കുറഞ്ഞത്. ഈ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 3,63,11,441 | 99 | 2,25,51,163 | 01 | 31 | 75.57 |

അംഗീകരിച്ച പദ്ധതി പ്രകാരം വകയിരുത്തിയ അടങ്കലിൽ 1,37,60,000/- രൂപ കുറവായിട്ടാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ കഴിഞ്ഞത്. നടപ്പാക്കാത്ത പദ്ധതികൾ ഭൂരിഭാഗവും അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി മുഖേന നടപ്പാക്കുവാൻ ആവിഷ്ക്കരിച്ചവയാണ്. പദ്ധതി പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ ആരംഭിച്ച് ടെണ്ടർ നടപടികൾ നേരത്തെ പൂർത്തിയാക്കി കരാർവച്ച് പണികൾ ആരംഭിക്കാതിരുന്നതുമൂലമാണ് ഇത്തരം കുറവുണ്ടായിട്ടുള്ളത്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23.98% വർദ്ധനവ് ഉണ്ടായിട്ടുണ്ട് :-

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1919463 | 3439925 | (+)1520462 | (+) 79.81% |
| നികുതിയേതര വരവുകൾ | 1207585 | 447983 | (-)759602 | (-) 62.90% |
| മറ്റുവരവുകൾ | 78916 | 87156 | (+)8240 | (+) 10.44% |
| ആകെ | 3205964 | 3975064 | (+)769100 | (+) 23.98% |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,10,880 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 25,43,200 | 278 |
| വിധവാപെൻഷൻ | 52,46,800 | 567 |
| വാർദ്ധക്യകാലപെൻഷൻ | 1,23,52,300 | 1142 |
| വികലാംഗപെൻഷൻ | 19,17,800 | 235 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 3,19,200 | 31 |
| വിധവകളുടെ മക്കളുടെ വിവാഹ സഹായം | 1,20,000 | 04 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-08-2017 ന് സ്ഥാപന തലവന്റെ (സെക്രട്ടറി) സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7730/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിക്കുന്നുണ്ട്. ദൈനംദിന വരവ് ചെലവ് രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. രസീതുകളും, വൗച്ചറുകളും ബൈന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങൾക്ക് പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ് (വസ്തുനികുതി നിർണ്ണയം നടത്തിയ തീയതി, നികുതി എന്നിവ).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-07-2017 | 6/2017 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-06-2016 മുതൽ 11-07-2016 വരെ | 2011-12 മുതൽ 2015-16 വരെ | 11.12.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടം വിഭജിച്ചും യഥാർത്ഥ വിസ്തീർണ്ണം കണക്കിലെടുക്കാതെയും വസ്തുനികുതി നിർണ്ണയിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും, പഞ്ചായത്ത് നിരക്ക് നിശ്ചയിച്ചിട്ടുണ്ട് (15.11.11ലെ 1-ാം നം. തീരുമാനം).

എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീ. അബി എൻ, നടാംചേരിയിൽ, ആയവന പി.ഒ എന്ന വ്യക്തിയുടെ ഏനാനല്ലൂർ വില്ലേജിൽ സർവ്വേ നം. 577/3 ലെ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ലാൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം ആകെ 117 ച. മീറ്റർ തറ വിസ്തീർണ്ണമാണുള്ളത്. എന്നാൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ആകെ 114 ച. മീറ്റർ തറ വിസ്തീർണ്ണമാണ് കണക്കിലെടുത്തിട്ടുള്ളത്. കൂടാതെ പ്രസ്തുത കെട്ടിടത്തിനെ വിവിധ കടമുറികളായി വിഭജിച്ച് (28.5x4) നികുതി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 60/-രൂപ നികുതി നിരക്ക് നൽകുന്നതിന് പകരം 100/-ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 40/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.)/നില | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (ച.മീ.ന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| VII-278A | 28.5 GF | 1254 + 63 LC (28.5 x 40) (+20%റോഡ്, -10% ഇളവ്) | 1931 + 97 LC (29.25 x 60) (+20%റോഡ്, -10% ഇളവ്) | 677 +34 |

| | | | | |
|---|---|---|---|---|
| VII-278B | 28.5 GF | 1254 + 63 LC (28.5 x 40) (+20%റോഡ്, -10% ഇളവ്) | 1931 + 97 LC (29.25 x 60) (+20%റോഡ്, -10% ഇളവ്) | 677 +34 |
| VII-278C | 28.5 GF | 1254 + 63 LC (28.5 x 40) (+20%റോഡ്, -10% ഇളവ്) | 1931 + 97 LC (29.25 x 60) (+20%റോഡ്, -10% ഇളവ്) | 677 +34 |
| VII-278D | 28.5 GF | 1254 + 63 LC (28.5 x 40) (+20%റോഡ്, -10% ഇളവ്) | 1931 + 97 LC (29.25 x 60) (+20%റോഡ്, -10% ഇളവ്) | 677 +34 |

ഇപ്രകാരം കുറവായി വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന എൻക്വയറിക്ക് (നം.6) മറുപടിയായി അധികമായി അടയ്ക്കേണ്ട തുക അടവാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിച്ചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമായ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി - ഉപയോഗക്രമം അനുസരിച്ച് നിരക്ക് നിശ്ചയിച്ചില്ല

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന വ്യാപാര സ്ഥാപനങ്ങൾ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | കെട്ടിട ഉടമസ്ഥന്റെ പേര്, മേൽവിലാസം | വ്യാപാര സ്ഥാപനം/ ഡി & ഒ ലൈസൻസ് നം. |
|---|---|---|---|
| XIV-258 | 75.97 | എ.കെ. വത്സലൻ, അട്ടുമാറിയിൽ, കാരിമറ്റം | സുപ്രീം ഏജൻസീസ് 117/4832/16-17 |
| XII-477 | 112.5 | പൗലോസ് ടി.വി, തുരുത്തേൽ, മുല്ലപ്പുഴച്ചാൽ | നിസ് ബേക്കേഴ്സ് 62/1585/16-17 |

ഇപ്രകാരം വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന എൻക്വയറിക്ക് (നം.8) വാണിജ്യ ആവശ്യത്തിലേക്ക് മാറ്റി നികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-3 തൊഴിൽ നികുതി - അപാകതകൾ

2016-17 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി അടച്ചിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|
| 1 | പേരാമംഗലം APCOS -E 30, കല്ലൂർ | 2016-17 Full | |
| 2 | ഏനാനല്ലൂർ APCOS – E 277(D) | 2016-17 Full | |
| 3 | കാലാമ്പൂർ ക്ഷീരോല്പാദക സഹകരണസംഘം E90(D) | 2016-17 Full | ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ട്. (2016-17 Full) |
| 4 | മണപ്പുഴ ക്ഷീരോല്പാദക സഹകരണസംഘം.E 320(D) | 2016-17 Full | |

മേൽ വിവരിച്ച ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ സ്ഥാപനത്തിന്റെ തൊഴിൽ നികുതിയും,ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ പേര് | വാടക രജിസ്റ്റർ പേജ്. |
|---|---|---|---|
| 1 | III/572 | ദാക്ഷായണിയമ്മ്,W/O ഭാസ്കരൻ നായർ, കേശവപുരത്ത്, കാലാമ്പൂർ | 87 |
| 2 | III/574 | സി.പി.ജോയി,ചിറപ്പുറത്ത് , | 89 |
| 3 | III/570 | ജോർജ്ജ് മാത്യു, തണ്ടേൽ | 92 |
| 4 | III/571 | ദേവദാസ് കടയ്ക്കോട്ട് | 93 |

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതിന്റെ വിവരം | തൊഴിൽ നികുതി രജിസ്റ്റർ |
|---|---|---|---|---|
| 1 | ബെത് ലെഹേം ഇന്റർനാഷണൽ സ്കൂൾ, മുല്ലപ്പുഴച്ചാൽ | 2016-17 Full | 9850/-11605101043-7-9-16.<br>13600/-11605102883-2-3-17 | 51,66 |
| 2 | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ്, സൊസൈറ്റി. | ---”--- | 2250/-11605101177-1/9/16<br>2250-11605103230-22-03-17 | 52 |
| 3 | പേരാമംഗലം SCB | ---”--- | 8250/-1160501154-28/9/16<br>8250/-11605103074-14/3/17 | 2016-17ഒന്നാം അർദ്ധവർഷം പിരിച്ചില്ല. |

| | | | | |
|---|---|---|---|---|
| 4 | മാവേലിസ്റ്റോർ കട്ടംപിടി. | ---"--- | പിരിച്ചിട്ടില്ല- ഡെപ്യൂട്ടട് സ്റ്റാഫ് മാത്രം എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 61 |

ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല.
ഡി &ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസിനുള്ള അപേക്ഷ പ്രകാരം സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാർ ഉള്ളതായി രേഖപ്പെടുത്തുകയും എന്നാൽ തൊഴിൽ നികുതി ഈടാക്കാത്തതായും കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം | ലൈസൻസ് രജി.പേജ്./ക്രമ നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഇജാസ് ബഷീർ - | ബാഗ് നിർമ്മാണം | 14/81 | 8 |

മേൽ വിവരിച്ച വിവരങ്ങൾ ലൈസൻസ് നൽകുമ്പോൾ ശ്രദ്ധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-4 BSNL സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ. ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ.ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 ഒന്നാം അർദ്ധ വർഷം | ₹.6,250/-<br>രസീത് നം. 11605500009/17-09-2016 |
| 2016-17 രണ്ടാം അർദ്ധ വർഷം | ₹.6,250/-<br>രസീത് നം. 11605400015/16-03-2017 |

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ. തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എല്ലിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-5 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2016-17 വർഷത്തെ ഡി&ഒ ലൈസൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടു.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക രജിസ്റ്റർ പേജ് |
|---|---|---|---|---|
| 1 | lll/572 | ദാക്ഷായണിയമ്മ, W/O ഭാസ്കരൻ നായർ, കേശവ പുരത്ത്, കാലാമ്പൂർ | 1375/- | 87 |
| 2 | lll/574 | സി.പി.ജോയി, ചിറപ്പുറത്ത് | 1250/- | 89 |
| 3 | lll/575 | ദാക്ഷായണിയമ്മ, W/O ഭാസ്കരൻ നായർ, കേശവ പുരത്ത്, കാലാമ്പൂർ | 1375/- | 90 |
| 4 | lll/570 | ജോർജ്ജ് മാത്യു, തണ്ടേൽ | 1250/- | 92 |
| 5 | lll/571 | ദേവദാസ് കടയ്ക്കോട്ട് | 1250/- | 93 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.4) മറുപടിയായി ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല

ഇ - ടെണ്ടർ ഫോറവില ഇനത്തിൽ ലഭിക്കേണ്ട വരുമാനം പഞ്ചായത്തിന് ലഭിക്കുന്നില്ല. ടി തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 2016-17 വർഷം പഞ്ചായത്ത് ഇ-ടെണ്ടർ നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഫോറം വില |
|---|---|---|---|
| 1 | ആയവന ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം | 890873 | 1800 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുക പഞ്ചായത്തിന് ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

മൂവാറ്റുപുഴ സബ് ട്രഷറിയിലെ പഞ്ചായത്തിന്റെ സേവിംഗ് ബാങ്ക് അക്കൗണ്ടിൽ (നം. 712021400000007) നിന്നും 16.02.17 തീയതിലെ ചെക്ക് നം. 96000098 പ്രകാരം അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി, ആയവനക്ക് 2264/- രൂപയുടെ ചെക്ക് നൽകിയിരുന്നു. എന്നാൽ ഇതുപ്രകാരം 04.03.2017 തീയതിൽ അക്കൗണ്ടിൽ നിന്നും 2624/- രൂപയാണ് ട്രഷറി മാറി നൽകിയിട്ടുള്ളത്. കൂടുതലായി നൽകിയ 360/- രൂപ തിരികെ ലഭിക്കുന്നതിനായി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക ട്രഷറിയിൽ നിന്നും ഇൻകം ടാക്സ് അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളതിനാൽ ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുമ്പോൾ റീഫണ്ട് ചെയ്ത് തരുന്നതാണെന്ന് മൂവാറ്റുപുഴ സബ് ട്രഷറി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. (പ്രസ്തുത അക്കൗണ്ടിന്റെ 31.03.2017 ലെ നീക്കിയിരിപ്പ് തുക ബാങ്ക് ബുക്ക് പ്രകാരം 21,30,486/- ഉം പാസ്സ് ബുക്ക് പ്രകാരം 21,30,126/- രൂപയുമാണ്. വ്യത്യാസം 360/- രൂപ.)

## 2-8 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക കണക്കുകൾ ഓഡിറ്റ് സമയത്ത് പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെയും, സഞ്ചയ സോഫ്റ്റ് വെയറിലെയും വസ്തു നികുതിയുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും കാലികമായി അപ്ഡേറ്റ് ചെയ്ത് സാംഖ്യയിലെ ബി-11ഷെഡ്യൂൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആദായ നികുതി സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, ആയവന പ്രോജക്ട് നം. 18/2017 സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് KL-44/A-1048 വാഹനം ഓടിയ വകയിൽ ശ്രീ.ജോസ് കൊറ്റം (ഡ്രൈവിംഗ് ലൈസൻസ് നം. 2016019) എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,52,100/-നൽകിയിട്ടുണ്ട്. ആദായ നികുതി നിയമം 194-സി വകുപ്പ് പ്രകാരം ട്രാൻസ്പോർട്ട് കോൺട്രാക്ട് ചെലവ് പ്രതിവർഷം 75,000/- രൂപയിൽ അധികം വരുന്ന തുകയിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | വാഹനം ഉപയോഗിച്ച മാസം | നൽകിയ തുക |
|---|---|---|
| 2/16-17/11.11.2016 | 28-04-2016 മുതൽ 30-09-2016 വരെ | 81,900 |
| 4/16-17/31-01-2017 | 03-10-2016 മുതൽ 31-10-2016 വരെ | 12,600 |
| 7/16-17/08-02-2017 | 03-11-2016 മുതൽ 27-12-2016 വരെ | 21,600 |
| 8/16-17/28-03-2017 | 02-01-2017 മുതൽ 27-03-2017 വരെ | 36,000 |
| ആകെ | | 1,52,100 |

ആയതിനാൽ 1,52,100/- രൂപയുടെ 1% തുകയായ 1,521/- രൂപ ആദായനികുതി ഈടാക്കി ഇൻകം ടാക്സ് വകുപ്പിൽ അടക്കേണ്ടതാണ്.

## 3-2 പരസ്യങ്ങൾ വിൻഡോ പരസ്യമായി നൽകിയില്ല.

പഞ്ചായത്തിന്റെ പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മാത്രമായിരിക്കണം നൽകേണ്ടത്. മൂന്ന് സെ.മീ. xരണ്ട് കോളം വലിപ്പമുള്ള വിൻഡോപരസ്യം തയ്യാറാക്കി പത്രങ്ങൾക്ക് നൽകണം. (ജി.ഒ.(ആർ.ടി.)01/04/ഐ.ആന്റ് പി.ആർ., 01-01-04, സർക്കുലർ7441/ഡി-1/04/ഐ.ആന്റ് പി.ആർ., 21.06.04). എന്നാൽ ഈ നിർദ്ദേശം പാലിച്ചല്ല പഞ്ചായത്തിന്റെ പരസ്യങ്ങൾ നൽകിയിട്ടുള്ളത്. ഉദാഹരണമായി

പഞ്ചായത്തിന്റെ വിവിധ ടെണ്ടറുകളുടെയും ക്വട്ടേഷനുകളുടെയും പരസ്യം വൗ.21600788/23-2-17 പ്രകാരം മംഗളം പത്രത്തിൽ പരസ്യം നൽകിയതിന് 5280-രൂപ നൽകിയിട്ടുണ്ട്. പരസ്യത്തിന്റെ വലിപ്പം ആറ് സെ.മീ. xരണ്ട് കോളം 48ച.സെ.മീ. ആണ്. (48ച.സെ.മീ. x 110 = 5280). എന്നാൽ പരസ്യം നൽകേണ്ടിയിരുന്നത് മൂന്ന് സെ.മീ. x രണ്ട് കോളം = 24ച.സെ.മീ. വലിപ്പത്തിൽ ആയിരുന്നു.

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.15/03.8.17) മറുപടിയായി മേലിൽ അപാകത ആവർത്തിക്കാതെ സൂക്ഷിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ നിർദ്ദേശം കർശനമായി നടപ്പാക്കുന്നതിനും അധികച്ചെലവ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അപാകത

ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് പ്രതിമാസം 54598/-രൂപ നിരക്കിലാണ് തൻവർഷം അടച്ചിരിക്കുന്നത്. ആയത് ഏപ്രിൽ,17 മുതൽ 60477- ആയി വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ഇനവും, എണ്ണവും, പ്രതിമാസ വൈദ്യുതി നിരക്കും കാണിക്കുന്ന താരിഫ് കാർഡ് പഞ്ചായത്തിൽ ലഭ്യമല്ല. 1997-98മുതലുള്ള വിവിധ വാർഷിക പദ്ധതികളിലായി പഞ്ചായത്ത് നിലവിലുള്ള വാട്ടേജ് കൂടിയ സാധാരണ ബൾബുകളും, ട്യൂബ് സെറ്റുകളും ഭൂരിഭാഗവും മാറ്റി cfl, led ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ പഞ്ചായത്തും വൈദ്യുതി ബോർഡ് അധികൃതരും ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി താരിഫ് കാർഡ് ( വിളക്കുകളുടെ ഇനവും, എണ്ണവും, പ്രതിമാസ വൈദ്യുതി നിരക്കും കാണിക്കുന്നത്) പുതുക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. അല്ലാത്തപക്ഷം പഞ്ചായത്തു പരിധിയിൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് പ്രതിമാസ വൈദ്യുതി ചാർജ്ജ് കുറയ്ക്കാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന ഉടനെ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. ആയതിനാൽ ഉചിതമായ നടപടികളിലൂടെ അമിത വൈദ്യുതനിരക്ക് കുറയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 വെള്ളക്കരം അമിത കുടിശ്ശക.

പഞ്ചായത്തിന് വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 45 ലക്ഷത്തിലധികം രൂപയുടെ ബാധ്യതയുണ്ട്. ജല അതോറിറ്റിയിൽ നിന്നും ലഭിച്ച ബില്ലുകൾ പ്രകാരം 01.4.16ലെ മുൻബാക്കി 41,16,928- ഉം, 31.3.16ലെ ബാക്കി 44,79,635-ഉം ആണ്.

4/16 മുതൽ 8/16 വരെ 332 ടാപ്പുകൾക്ക് 145,250- രൂപയും 9/16 മുതൽ 318 ടാപ്പുകൾക്ക് 139,125- രൂപയും ആണ് ജല അതോറിറ്റി ഡിമാൻഡ് ചെയ്തിരുന്നത്. പഞ്ചായത്ത് പ്രതിമാസ ഡിമാൻഡ് തുക അടച്ചുവരുകയാണ് ചെയ്യുന്നത്. പ്രോജക്ട് നം.7/17 പ്രകാരം എം.ജി.നോൺറോഡ് ഫണ്ടിൽ നിന്ന് 5ലക്ഷം രൂപയും 17.11.16 അടച്ചിട്ടുണ്ട്. എന്നാൽ അടവാക്കുന്ന തുക കുടിശ്ശികയോടൊപ്പം പിഴപലിശയിലും വരവ് വയ്ക്കുന്നതിനാൽ കുടിശ്ശിക ബാധ്യത കൂടുകയല്ലാതെ കുറഞ്ഞിട്ടില്ല.

വർദ്ധിച്ചുവരുന്ന വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ മറുപടിയിൽ പിഴപലിശ ഒഴിവാക്കി കുടിശ്ശിക

നിശ്ചിതഗഡുക്കളായി അടവാക്കുന്നതിന് ജല അതോറിറ്റിയിൽ അപേക്ഷ നൽകി അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,56,390 | അനുപൂരക പോഷക ആഹാര പദ്ധതി | 1,16,295 | 1,40,095 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,37,145 | അനുപൂരക പോഷകാഹാര പദ്ധതി | 1,50,000 | 87,145 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 83,090 | ശാരീരിക / മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | - | 83,090 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച് അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച് അടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ലോൺ തിരിച്ചടവ് | സ.ഉ.(സാ.ധാ) 530/2010/ ത.സ്വ.ഭ.വ /18.02.2010 | 1,02,51,000 | 14,98,000 | 7,20,700 | - | 7,77,300 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15,065/-* രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2012-13 | 3-1 | 12,160 | പി.കെ. ബാലകൃഷ്ണൻ, അസി. എഞ്ചിനീയർ | 11605100182/21.4.16 |
| 2012-13 | 2-3 | 2,900 | മനോജ്, കൊടിയംപിള്ളിൽ | 11605100308/11.5.16 |
| ആകെ | | 15,060 | | |

*വാർഷിക ധനകാര്യ പത്രികയിൽ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ I-18 പ്രയർ പിരിയഡ് ഐറ്റത്തിൽ അദർ ഇൻകംത്തിന്റെ അക്കൗണ്ടിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,65,36,227 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,54,08,511 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1521 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| 3-1 | 1521/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മാത്യു നമ്പേലിൽ | ഡി.പി.എം.<br>എൻ.ആർ.എച്ച്.എം.<br>എറണാകുളം | നമ്പേലിൽ ഹൗസ്<br>മേമടത്ത് (പിഒ)<br>മൂവാറ്റുപുഴ |
| ഡോ. അജു ജോസ് | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി),<br>ആയവന ഗ്രാമപഞ്ചായത്ത് | താന്നിക്കൽ<br>ഐശ്വര്യ ഗാർഡൻസ്,<br>തിരുമുടിക്കുന്ന് |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ (പി-3)112/98തീ.16.4.98 |
| 1997-98 | എൽ എഫ് ഇ (പി-5)1028/02തീ.14.2.02 |
| 1998-99 | എൽ എഫ് ഇ (പി-5)848/03തീ.31.3.04 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)342/06തീ.9.11.06 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)982/04തീ.4.11.04 |
| 1997-98 | എൽ എഫ് ഇ (പി-5)1978/07തീ.30.9.08 |
| 1998-99 | എൽ എഫ് ഇ (പി-5)1979/07തീ.30.9.08 |

| | |
|---|---|
| 1999-00 | എൽ എഫ് ഇ (പി-5)1980/07തീ.30.9.08 |
| 2000-01 | എൽ എഫ് ഇ (പി-5)1981/07തീ.30.9.08 |
| 2001-02 | എൽ എഫ് ഇ (പി-5)1982/07തീ.30.9.08 |
| 2002-03 | എൽ എഫ് ഇ (പി-5)811/10തീ.27.10.11 |
| 2003-04 | എൽ എഫ് ഇ (പി-5)812/10തീ.27.10.11 |
| 2004-05 | എൽ എഫ് ഇ (പി-5)813/10തീ.27.10.11 |
| 2005-06 | എൽ എഫ് ഇ (പി-5)814/12തീ.27.10.11 |
| 2006-07 | എൽ എഫ് ഇ (പി-5)683/12തീ.25.7.12 |
| 2007-08 | എൽ എഫ് ഇ (പി-5)784/12തീ.25.7.12 |
| 2008-09 | എൽ എഫ് ഇ (പി-5)785/12തീ.25.7.12 |
| 2009-10 | എൽ എഫ് ഇ (പി-5)786/12തീ.4.10.12 |
| 2010-11,<br>2011-12 | എൽ എഫ് ഇ (പി-5)1657/12തീ.5.10.13 |
| 2012-13 | എൽ എഫ് ഇ (പി-8)484/15തീ.13.4.15 |
| 2013-14,<br>14-15 | എൽ എഫ് ഇ (പി-8)236/16തീ.03.3.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി8)43/2017 തീ. 01.02.17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.ഇകെഎം(പി8)1655/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 26.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആയവന ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-8ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആയവന ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE - 2016-17

No. KSA-EKM(P8)1655/2017

Kerala State Audit Departement
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 – 2422271
email :doekm.ksad@kerala.gov.in

Date : 26.09.2017

Certified that I have audited the Annual Financial Statement of Ayavana Grama Panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Ayavana Grama Panchayat for the year 2016-17 except the observations in para 2-8 of my audit report properly presents the picture of income and expenditure.

Deputy Director